പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം

209 (184) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-1-2011-ന് ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിൽ നിന്നും ഇൻകെൽ പിൻമാറിയ സാഹചര്യത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം 27-1-2011-ൽ ഭരണാനുമതി നൽകിയതും എന്നാൽ ഇൻകെൽ ഉപേക്ഷിച്ചതുമായ പദ്ധതികളിൽ ഉൾപ്പെട്ടതാണ്. ഇൻകെൽ ഉപേക്ഷിച്ചതും പുതുതായി തുടങ്ങേണ്ടതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനും ട്രഷറി കെട്ടിടനിർമ്മാണം സംബന്ധിച്ച് വസ്തുനിഷ്ഠമായി പഠിച്ച് ഈ സാമ്പത്തിക വർഷത്തിൽ ട്രഷറി കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയ്ക്ക് അനുസരിച്ച് കൃത്യവും വ്യക്തവുമായ ശിപാർശ ലഭ്യമാക്കാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

സംസ്ഥാന ഭാഗ്യക്കുറി

210 (185) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങളിൽ നിന്നും എജന്റുമാർ, വിൽപ്പനക്കാർ എന്നിവരിൽ നിന്നും ഉയർന്ന് വന്ന പരാതികളും വകുപ്പ് നേരിടുന്ന മറ്റ് പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഏകാംഗ കമ്മിഷനെ നിയോഗിച്ചിരുന്നോ; എങ്കിൽ ആരെയാണ് നിയമിച്ചിരിക്കുന്നത്;

(ബി) കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭാഗ്യക്കുറി വകുപ്പിലോ മേഖലയിലോ പുതിയ പരിഷ്കാരങ്ങളോ നിർദ്ദേശങ്ങളോ നടപ്പിൽ വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കേരള ലോട്ടറിയുടെ വിജയികളിൽ എത്ര പേർക്ക് 31-1-2016 വരെ സമ്മാനത്തുക നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഇ) സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് എത്ര കേസ്സുകൾ ഏതെല്ലാം കോടതികളിൽ സംസ്ഥാന ലോട്ടറി വകുപ്പിനെതിരെ നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ഭാഗ്യക്കുറിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള പരാതികളും വകുപ്പ് നേരിടുന്ന മറ്റ് പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ടയേർഡ് ജില്ലാ സെഷൻസ് ജഡ്ജി ശ്രീ. ഡി. പ്രേമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയോഗിച്ചിരുന്നു.

(ബി) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ചെറുകിട ഏജന്റുമാർക്ക് വേണ്ടത്ര ഭാഗ്യക്കുറി ടിക്കറ്റുകൾ ലഭിക്കാനായി താലൂക്കുതല ഓഫീസുകൾ ആരംഭിക്കുക, ഭാഗ്യക്കുറി ടിക്കറ്റുകളുടെ കൗണ്ടർഫോയിൽ സമ്പ്രദായം നിർത്തലാക്കുക, മറ്റു സംസ്ഥാനങ്ങളിലേക്ക് ഭാഗ്യക്കുറി ടിക്കറ്റുകൾ കടത്തുന്നതിനെതിരെ നടപടി സ്വീകരിക്കുക, വ്യാജ ലോട്ടറികൾക്കെതിരെ നടപടി സ്വീകരിക്കുക, ഭാഗ്യക്കുറി ടിക്കറ്റുകളുടെ അച്ചടി വർദ്ധിപ്പിക്കുക തുടങ്ങിയ നിരവധി ശിപാർശകൾ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പ്രേമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ പരിഷ്കാരങ്ങളോ നിർദ്ദേശങ്ങളോ നടപ്പിൽ വരുത്തിയിട്ടില്ല.

(ഡി) കേരള ലോട്ടറിയുടെ വിജയികളിൽ 259 പേർക്ക് 31-01-2016 വരെയുള്ള കാലയളവിൽ സമ്മാനവിതരണം നടത്താനുണ്ട്. ആവശ്യമായ രേഖകൾ യഥാസമയം ലഭ്യമാകാത്തതിനാലും, പാൻകാർഡ് ലഭ്യമാകാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുമാണ് ചില ക്ലെയിമുകളിൽ കാലതാമസം നേരിടുന്നത്. നിയമപ്രകാരമുള്ള രേഖകൾ കൃത്യമായി സമർപ്പിക്കുന്നവർക്ക് ഒരുമാസത്തിനുള്ളിൽത്തന്നെ സമ്മാനവിതരണം നടത്തുന്നുണ്ട്.

(ഇ) സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ ഫയൽചെയ്ത ഒരു കേസ് മാത്രമേ നിലവിലുള്ളൂ.

മുദ്രപത്ര വിൽപ്പന രീതികളിൽ മാറ്റങ്ങളും ഇ-സ്റ്റാമ്പിംഗും നടപ്പാക്കാൻ നടപടി

211 (186) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള മുദ്രപത്ര വില്പന രീതികളിൽ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശമുണ്ടോ; ഇ-സ്റ്റാമ്പിംഗ് എന്നുമുതൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്;

(ബി) സ്റ്റാമ്പ് വെണ്ടർമാരിൽ ഏത് പ്രായത്തിലുള്ളവർ മരണമടഞ്ഞാലും ആശ്രിതർക്ക് വെണ്ടർലൈസൻസ് നല്കിവന്നിരുന്ന നടപടി 2002 ലെ ജി.ഒ(പി) 156 പ്രകാരം എടുത്തുകളഞ്ഞത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) കേരളത്തിൽ എല്ലാ ജില്ലകളിലും എഗ്രിമെന്റുകൾക്ക് ആവശ്യമായ 100 രൂപയുടെ മുദ്രപത്രം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള മുദ്രപത്ര സംവിധാനത്തോടൊപ്പം ഇ-സ്റ്റാമ്പിംഗ് സംവിധാനം കൂടി ഉപയോഗിക്കാനുതകുംവിധം കേരള മുദ്രപത്ര നിയമത്തിൽ ഓർഡിനൻസിലൂടെ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് പദ്ധതി എന്നുമുതൽക്ക് നടപ്പിൽ വരുത്തണമെന്ന് ഇതുവരെയും തീരുമാനിച്ചിട്ടില്ല.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

GPM. 2/237/2020-92

LIBRARY ARCHIVES Kerala Legislative Assembly